# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*


No. 33/PR/PIC/PHQ/18 Date : 18.02.2018

---

**മയക്കുമരുന്നു വിരുദ്ധ പ്രവർത്തനങ്ങൾ: കേരളത്തിന്റെ നടപടികൾ ശ്രദ്ധേയം.**

മയക്കുമരുന്നു വ്യാപനം തടയുന്നതിന് കേരളം സ്വീകരിച്ചുവരുന്ന നടപടികൾ ശ്രദ്ധേയമാണെന്നും മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാക്കാവുന്നതാണെന്നും ഇതുസംബന്ധിച്ച ദേശീയയോഗം വിലയിരുത്തി. മയക്കുമരുന്നു ഉപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ഡൽഹിയിൽ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ വിളിച്ചു ചേർത്ത യോഗത്തിലാണ് ഈ വിലയിരുത്തലുണ്ടായത്.

നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ ദേശീയ സംസ്ഥാനതല ഉദ്യോഗസ്ഥർ, വിവിധ സംസ്ഥാനങ്ങളിലെ മയക്കുമരുന്നു വിരുദ്ധപ്രവർത്തനങ്ങളുടെ ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥർ, റവന്യൂ ഇന്റലിജൻസ് ഉദ്യോഗസ്ഥർ, ഇന്റലിജൻസ് ബ്യൂറോ, കോസ്റ്റ് ഗാർഡ്, അതിർത്തിരക്ഷാസേന, അസംറൈഫിൾസ് തുടങ്ങിയവയുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

കേരള പോലീസിനെ പ്രതിനിധീകരിച്ച് യോഗത്തിൽ സംബന്ധിച്ച ഐ.ജി. പി.വിജയൻ കേരളം സ്വീകരിച്ച നടപടികൾ അവതരിപ്പിച്ചു. മയക്കുമരുന്നിന്റെ അന്തർസംസ്ഥാന കടത്തും വിപണനവും ഫലപ്രദമായി തടഞ്ഞാലേ മയക്കുമരുന്നിനെതിരെയുള്ള നടപടികൾ വിവിധ സംസ്ഥാനങ്ങളിൽ ഫലപ്രദമാകൂയെന്ന് യോഗം വിലയിരുത്തി. അന്തർസംസ്ഥാന ഏകോപനം ശക്തിപ്പെടുത്താനും യോഗം തീരുമാനിച്ചു.

മയക്കുമരുന്നുകളുടെ ലഭ്യത തടയുന്നതിനൊപ്പം ആവശ്യകത കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളും കേരളം ചെയ്തുവരുന്നുണ്ട്. ഇതു രണ്ടും ഫലപ്രദമാക്കിയാലേ മയക്കുമരുന്ന് ഉപയോഗം കുറച്ചുകൊണ്ടുവരാനാകൂ. കേരളത്തിൽ പോലീസും എക്സൈസും ഉൾപ്പടെ വിവിധ വകുപ്പുകൾ ചേർന്ന് ഇതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നുണ്ട്. പോലീസിൽ

ഇതിനായി വളരെ ചിട്ടയായ ഒരു ഉദ്യോഗസ്ഥ സംവിധാനം നിലവിലുണ്ട്. 19 പോലീസ് ജില്ലകളിലും ഒരു ഡിവൈ.എസ്.പിയുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ സ്ക്വാഡുകളാണ് ഇതിൽ (KANSAF) പ്രധാനം. ജില്ലാ പോലീസ് മേധാവിമാരും സംസ്ഥാനതലത്തിൽ ഒരു ഐ.ജിയുടെയും മേൽനോട്ടത്തിലുള്ള ഈ സംവിധാനം വഴി ലഹരിമരുന്നു വേട്ടയ്ക്കൊപ്പം ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്.സ്റ്റുഡന്റ്സ് പോലീസ് സംവിധാനവും മയക്കുമരുന്നിനെതിരെയുള്ള ബോധവത്കരണത്തിനായി പ്രവർത്തിക്കുന്നുണ്ട്.

എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. 2016 ൽ 5924 കേസുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തു എന്നാൽ നിയമനടപടികൾ കർശനമാക്കിയതിനെ തുടർന്ന് 2017ൽ കേരളത്തിലാകെ 9242 കേസുകൾ കേരള പോലീസ് ചാർജ് ചെയ്തിട്ടുണ്ട്.

കേരളത്തിൽ ലഹരിവിരുദ്ധ സ്ക്വാഡുകളുടെ പ്രവർത്തനവും വിവിധ വകുപ്പുകളുമായുള്ള ഏകോപനവും കൂടുതൽ ശക്തിപ്പെടുത്തുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പറഞ്ഞു. കഞ്ചാവ് പോലുള്ള പ്രകൃതിദത്ത ലഹരിമരുന്നുകളെക്കാൾ പതിൻമടങ്ങ് ദോഷകരമായ കൃത്രിമ ലഹരിപദാർത്ഥങ്ങളും രാസവസ്തുക്കളും കേരളത്തിൽ കൂടുതലായി ഉപയോഗിക്കപ്പെടുന്നുണ്ടെന്നും വരുംനാളുകളിൽ ഇതു തടയാൻ നടപടികൾ ശക്തിപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനതലത്തിൽ മയക്കുമരുന്നു സംബന്ധിച്ച വിവരങ്ങൾ/പരാതികൾ നൽകുന്നതിന് igpadmin.pol@kerala.gov.in എന്ന ഇമെയിൽ വിലാസത്തിൽ അറിയിക്കാവുന്നതാണ്.

******